# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2659

10/12/2014-ൽ മറുപടിക്ക്

## H5 N1 വൈറസ് ബാധ തടയാൻ നടപടി

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

എ) H5 N1 വൈറസ് മനുഷ്യരിലേയ്ക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ;

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

എ) പക്ഷിപ്പനി മനുഷ്യരിലേയ്ക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ച് വരുന്നു.

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തി വരുന്നുണ്ട്.
- രോഗനിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കിലോമീററർ ചുറ്റളവിലും അതിന് പുറത്തുള്ള 9 കിലോമീറ്റർ ചുറ്റളവിലും മനുഷ്യരിലേയ്ക്ക് രോഗം വ്യാപരിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നു വരുന്നു.
- പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തിരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.
- ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റു

| | |
|---|---|
| | അനുബന്ധ ജീവനക്കാർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഐ.സി.യു. വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്. |
| ബി) ജനിതകമാറ്റത്തിനു വരെ കാരണമാകുന്ന ഈ വൈറസ് കേരളത്തിൽ ഇപ്പോൾ പകരുവാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| സി) വൈറസ് ബാധ തടയാൻ എന്തെല്ലാം മരുന്നുകളാണ് നൽകിവരുന്നത് ; ആവശ്യമായ മരുന്ന് ശേഖരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ? | സി) പക്ഷിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഒസൽട്ടാമിവിർ എന്ന മരുന്നാണ് ഉപയോഗിക്കുന്നത്. ആവശ്യമായ മരുന്നുകൾ ശേഖരിച്ചിട്ടുണ്ട്. ഒസൽട്ടാമിവിർ 75 മി.ഗ്രാം, ഒസൽട്ടാമിവിർ 30 മി.ഗ്രാം, ഒസൽട്ടാമിവിർ സിറപ്പ് എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്. ഇതുകൂടാതെ പി.പി.ഇ.കിറ്റുകൾ, മാസ്കുകൾ, 3 ലെയർ മാസ്കുകൾ എന്നിവ കാരുണ്യ ഫാർമസി വഴി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ